compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 മെയ് 26
Tuesday, 26th May 2026

1201 ഇടവം 12
12th Idavam 1201

1948 ജ്യേഷ്ഠം 5
5th Jyaishta 1948

വാല്യം 15
Vol. XV

നമ്പർ / No. **21**

Part III

Dairy Development Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

ഹാജർ : അനീഷ എ

ക്ഷീരവികസന വകുപ്പ് – മുഖത്തല ക്ഷീരവികസന യൂണിറ്റ് – വടക്കേവിള ക്ഷീരസംഘം 17(ഡി) ആപ്കോസ് - സമാപ്തീകരിക്കുന്നതിന് കേരള സഹകരണ സംഘം നിയമം വകുപ്പ് 72(1)പ്രകാരം ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

DDKLM/782/2025-A3 കൊല്ലം , തീയതി 04/04/2026

പരാമർശം :- 1. ഈ ഓഫീസിലെ 07/06/2023 തീയതിയിലെ DDKLM/481/2023-A5 നം. ഉത്തരവ്.

2. മുഖത്തല ക്ഷീരവികസന ഓഫീസറുടെ DESU-KLM0MKTL/115/2025-DEO നം. കത്ത്.

ഉത്തരവ്

മുഖത്തല ക്ഷീരവികസന യൂണിറ്റിന്റെ പരിധിയിലെ വടക്കേവിള ക്ഷീരസംഘം 17 (ഡി) ആപ്കോസ് ദീർഘകാലമായി പ്രവർത്തന രഹിതമാണ്. സംഘം പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ച നടപടികളും പ്രവർത്തനങ്ങളും ഫലം കണ്ടെത്താത്ത സാഹചര്യത്തിൽ പരാമർശം (1) പ്രകാരം സംഘത്തിൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 66(1)പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്.

പരാമർശം (2) പ്രകാരമുള്ള റിപ്പോർട്ട് അനുസരിച്ച് സംഘം പുനരുജ്ജീവിപ്പിക്കുന്നതിന് സാധ്യമല്ലാത്ത സാഹചര്യത്തിൽ പരവൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നം. കൃ൨ 109 (ഡി) സമാപ്തീകരിക്കാവുന്നതാണെന്ന് ക്ഷീരവികസന ഓഫീസർ ശുപാർശ ചെയ്തിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ മുഖത്തല ക്ഷീരവികസന യൂണിറ്റിന്റെ പരിധിയിലെ വടക്കേവിള ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നം. കൃ൨ 17 (ഡി) ആപ്കോസ് സമാപ്തീകരിക്കുന്നതിന് കേരള സഹകരണ സംഘം നിയമം വകുപ്പ് 72(1) പ്രകാരം ചാത്തന്നൂർ ക്ഷീരവികസന ആഫീസറെ നിയമിച്ച് ഉത്തരവാകുന്നു.

ഈ ഉത്തരവ് കൈപ്പറ്റി രണ്ട് വർഷക്കാലയളവിൽ നിയമാനുസൃത നടപടികളിലൂടെ സംഘം സമാപ്തീകരിച്ച് ആയതിന്റെ റിപ്പോർട്ടും സംഘം റെക്കോർഡുകളും ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകേണ്ടതാണ്.

ലിക്വിഡേറ്റർ ഉടൻ ചുമതല ഏറ്റെടുത്ത് വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ (I/C)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

ഹാജർ : അനീഷ എ

ക്ഷീരവികസന വകുപ്പ് – കൊല്ലം –മുഖത്തല ക്ഷീരവികസന യൂണിറ്റ് – ഇരവിപുരം സൗത്ത് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നം. കൃ൪ 303 (ഡി) ആപ്കോസ് – സമാപ്തീകരിക്കുന്നതിന് കേരള സഹകരണ സംഘം നിയമം വകുപ്പ് 72(1) പ്രകാരം ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

DDKLM/783/2025-A3 കൊല്ലം , തീയതി 04/04/2026

പരാമർശം :- 1. ഈ ഓഫീസിലെ 07/06/2023 തീയതിയിലെ DDKLM/481/2023-A5 നം. ഉത്തരവ്.

2. മുഖത്തല ക്ഷീരവികസന ഓഫീസറുടെ DESU-KLM0MKTL/121/2025-DEO നം. കത്ത്

ഉത്തരവ്

മുഖത്തല ക്ഷീരവികസന യൂണിറ്റിന്റെ പരിധിയിലെ ഇരവിപുരം സൗത്ത് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നം. കൃ൪ 303 (ഡി) ആപ്കോസ് ദീർഘകാലമായി പ്രവർത്തന രഹിതമാണ്. സംഘം പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ച നടപടികളും പ്രവർത്തനങ്ങളും ഫലം കണ്ടെത്താത്ത സാഹചര്യത്തിൽ പരാമർശം (1) പ്രകാരം സംഘത്തിൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 66(1) പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്.

പരാമർശം (2) പ്രകാരമുള്ള റിപ്പോർട്ട് അനുസരിച്ച് സംഘം പുനരുജ്ജീവിപ്പിക്കുന്നതിന് സാധ്യമല്ലാത്ത സാഹചര്യത്തിൽ ഇരവിപുരം സൗത്ത് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നം. കൃ൪ 303 (ഡി) ആപ്കോസ് സമാപ്തീകരിക്കാവുന്നതാണെന്ന് ക്ഷീരവികസന ഓഫീസർ ശുപാർശയും ചെയ്തിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ മുഖത്തല ക്ഷീരവികസന യൂണിറ്റിന്റെ പരിധിയിലെ ഇരവിപുരം സൗത്ത് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നം. കൃ൪ 303 (ഡി) ആപ്കോസ് സമാപ്തീകരിക്കുന്നതിന് കേരള സഹകരണ സംഘം നിയമം വകുപ്പ് 72 (1) പ്രകാരം മുഖത്തല ക്ഷീരവികസന ആഫീസറെ നിയമിച്ച് ഉത്തരവാകുന്നു.

ഈ ഉത്തരവ് കൈപ്പറ്റി രണ്ട് വർഷ കാലയളവിൽ നിയമാനുസൃത നടപടികളിലൂടെ സംഘം സമാപ്തീകരിച്ച് ആയതിന്റെ റിപ്പോർട്ടും സംഘം റിക്കോർഡുകളും ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകേണ്ടതാണ്.

ലിക്വിഡേറ്റർ ഉടൻ ചുമതല ഏറ്റെടുത്ത് വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ (I/C)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

ഹാജർ : സുരേഖ നായർ

ക്ഷീരവികസന വകുപ്പ് – കരുനാഗപ്പള്ളി ക്ഷീരവികസന യൂണിറ്റ് – മൂക്കുമ്പുഴ ക്ഷീരസംഘം 343 (ഡി) ആപ്കോസ് - സമാപ്തീകരിക്കുന്നതിന് കേരള സഹകരണ സംഘം നിയമം വകുപ്പ് 72(1)പ്രകാരം ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

DDKLM/798/2025-A3 കൊല്ലം , തീയതി 16/05/2026

പരാമർശം :- 1. ഈ ഓഫീസിലെ 13/01/2022 തീയതിയിലെ എ3/2951/21 നം. ഉത്തരവ്.
2. കരുനാഗപ്പള്ളി ക്ഷീരവികസന ഓഫീസറുടെ DESU-KLM/38/2025-DF12 നം. കത്ത്.

ഉത്തരവ്

കരുനാഗപ്പള്ളി ക്ഷീരവികസന യൂണിറ്റിന്റെ പരിധിയിലെ മൂക്കുമ്പുഴ ക്ഷീരസംഘം 343 (ഡി) ആപ്കോസ് ദീർഘകാലമായി പ്രവർത്തന രഹിതമാണ്. സംഘം പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ച നടപടികളും പ്രവർത്തനങ്ങളും ഫലം കണ്ടെത്താത്ത സാഹചര്യത്തിൽ പരാമർശം (1) പ്രകാരം സംഘത്തിൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്.

പരാമർശം (2) പ്രകാരമുള്ള റിപ്പോർട്ട് അനുസരിച്ച് സംഘം പുനരുജ്ജീവിപ്പിക്കുന്നതിന് സാധ്യമല്ലാത്ത സാഹചര്യത്തിൽ മൂക്കുമ്പുഴ ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നം. കൃ.343 (ഡി) ആപ്കോസ് സമാപ്തീകരിക്കാവുന്നതാണെന്ന് ക്ഷീരവികസന ഓഫീസർ ശുപാർശ ചെയ്തിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ കരുനാഗപ്പള്ളി ക്ഷീരവികസന യൂണിറ്റിന്റെ പരിധിയിലെ മൂക്കുമ്പുഴ ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നം. കൃ.343 (ഡി) ആപ്കോസ് സമാപ്തീകരിക്കുന്നതിന് കേരള സഹകരണ സംഘം നിയമം വകുപ്പ് 72(1) പ്രകാരം കരുനാഗപ്പള്ളി ക്ഷീരവികസന ആഫീസറെ നിയമിച്ച് ഉത്തരവാകുന്നു.

ഈ ഉത്തരവ് കൈപ്പറ്റി രണ്ട് വർഷക്കാലയളവിൽ നിയമാനുസൃത നടപടികളിലൂടെ സംഘം സമാപ്തീകരിച്ച് ആയതിന്റെ റിപ്പോർട്ടും സംഘം റെക്കോർഡുകളും ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകേണ്ടതാണ്.

ലിക്വിഡേറ്റർ ഉടൻ ചുമതല ഏറ്റെടുത്ത് വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

ഹാജർ : അനീഷ എ

ക്ഷീരവികസന വകുപ്പ് – കൊല്ലം – ചാത്തന്നൂർ ക്ഷീരവികസന യൂണിറ്റ് – പരവൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നം. കൃ്യൂ 109 (ഡി) – സമാഹ്രീകരിക്കുന്നതിന് കേരള സഹകരണ സംഘം നിയമം വകുപ്പ് 72(1)പ്രകാരം ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

DDKLM/131/2026-A5 കൊല്ലം , തീയതി 24/04/2026

പരാമർശം :- 1. ഈ ഓഫീസിലെ 19/08/2025 ലെ DDKLM/481/2023-A5 നം. ഉത്തരവ്.
2.ചാത്തന്നൂർ ക്ഷീരവികസന ഓഫീസറുടെ 04/02/2026 ലെ റിപ്പോർട്ട്.

ഉത്തരവ്

ചാത്തന്നൂർ ക്ഷീരവികസന യൂണിറ്റിന്റെ പരിധിയിലെ പരവൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നം. കൃ്യൂ 109 (ഡി) ദീർഘകാലമായി പ്രവർത്തന രഹിതമാണ്. സംഘം പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ച നടപടികളും പ്രവർത്തനങ്ങളും ഫലം കണ്ടെത്താത്ത സാഹചര്യത്തിൽ പരാമർശം (1) പ്രകാരം സംഘത്തിൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 66(1)പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഉത്തരവായിട്ടുള്ളതും പരാമർശം (2) പ്രകാരം റിപ്പോർട്ട് ലഭ്യമായിട്ടുള്ളത്.

പരാമർശം (2) പ്രകാരം റിപ്പോർട്ട് അനുസരിച്ച് സംഘം പുനരുജ്ജീവിപ്പിക്കുന്നതിന് സാധ്യമല്ലാത്ത സാഹചര്യത്തിൽ പരവൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നം. കൃ്യൂ 109 (ഡി) സമാഹ്രീകരിക്കാവുന്നതാണെന്ന് ക്ഷീരവികസന ഓഫീസർ ശുപാർശ ചെയ്തിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ ചാത്തന്നൂർ ക്ഷീരവികസന യൂണിറ്റിന്റെ പരിധിയിലെ പരവൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നം. കൃ്യൂ 109 (ഡി) സമാഹ്രീകരിക്കുന്നതിന് കേരള സഹകരണ സംഘം നിയമം വകുപ്പ് 72(1) പ്രകാരം ചാത്തന്നൂർ ക്ഷീരവികസന ആഫീസറെ നിയമിച്ച് ഉത്തരവാകുന്നു.

ഈ ഉത്തരവ് കൈപ്പറ്റി രണ്ട് വർഷക്കാലയളവിൽ നിയമാനുസർത നടപടികളിലൂടെ സംഘം സമാഹ്രീകരിച്ച് ആയതിന്റെ റിപ്പോർട്ടും സംഘം റെക്കോർഡുകളും ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകേണ്ടതാണ്.

ലിക്വിഡേറ്റർ ഉടൻ ചുമതല ഏറ്റെടുത്ത് വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ (I/C)

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.05.26 03:49:24 +05:30